# വിവാഹപ്രശ്നങ്ങളും സഭാകോടതിയും

**റവ. ഡോ. ബർക്കുമാൻസ് കൊടയ്ക്കൽ**
അഡ്ജുറ്റന്റ് ജുഡീഷ്യൽ വികാരി
എറണാകുളം-അങ്കമാലി അതിരൂപത

"വിവാഹം സ്വർഗ്ഗത്തിൽ നടക്കുന്നു; പക്ഷേ, അത് ഭൂമിയിൽ തകരുന്നു" എന്ന് ഈയിടെ ഒരാൾ പറഞ്ഞത് കേൾക്കാനിടയായി. വാസ്തവം പറഞ്ഞാൽ, വിവാഹമോചനക്കേസുകൾ വർദ്ധിച്ചുവരികയാണ്. വിവാഹജീവിതത്തിന്റെ തുടക്കത്തിൽത്തന്നെ പ്രശ്നങ്ങളുാകുന്നതും വിരളമല്ല. പ്രശ്നങ്ങളുാകുമ്പോൾ പരിഹരിക്കാൻ ശ്രമിക്കാതെ കേസുമായി കുടുംബക്കോടതിയിലേക്കോടുന്നവരും ധാരാളം. സഭാകോടതി യിൽ നിന്നും വിവാഹമോചനം നേടാമെന്നും, അപേക്ഷ കൊടുത്താൽ സഭാകോടതി അത് പരിഗണിച്ച് അപ്പോൾത്തന്നെ വിവാഹമോചനം അനുവദിക്കുമെന്നും തെറ്റായി ധരിച്ചുവച്ചിട്ടുള്ളവർ വളരെയേറെയുണ്ടെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടു്. വിവാഹമോചനത്തിന് ഒരാൾ പരാതി കൊടുത്താൽ, സഭാകോടതി രുകൂട്ടരെയും വിളിപ്പിച്ച് അവരെ യോജിപ്പിക്കാൻ ശ്രമിക്കുമെന്നും യോജിപ്പിക്കാൻ പറ്റാതെ വന്നാൽ വിവാഹമോചനം കൊടുത്തുവിടുകയാണ് ചെയ്യുന്നതെന്നുമാണ് അവർ ധരിച്ചുവെച്ചിട്ടുള്ളത്. വിവാഹം ദൈവം യോജിപ്പിക്കുന്ന ബന്ധമായതിനാൽ മനുഷ്യനായ ജഡ്ജിക്ക് വിവാഹം അസാധുവായി പ്രഖ്യാപിക്കാൻ പോലും - അത് എന്ത് കാരണംകൊായാലും - അധികാരമില്ലെന്ന് ശഠിക്കുന്നവരും ഇല്ലാതില്ല. സഭാനിയമങ്ങളിൽ അനാവശ്യമായ അയവാണുായിരിക്കുന്നതെന്നും, അത് തെറ്റായ നിലപാടാണെന്നും വാദിക്കുന്നവരാണവർ. മേൽപ്പറഞ്ഞവരെല്ലാം അബദ്ധ ധാരണകളിൽ കഴിയുന്നവരാണ്. ക്രിസ്തീയ വിവാഹത്തെ സംബന്ധിച്ച് കാനൻ നിയമത്തിന്റെ നിലപാടുകൾ എന്താണെന്ന് വ്യക്തമായി അറിയാത്തതാണ് തെറ്റിദ്ധാരണകൾക്കു കാരണം.

ക്രിസ്തീയ വിവാഹം കൂദാശയാണ്. യേശുവും സഭയും തമ്മിലുള്ള ഗാഢമായ ബന്ധം പോലെയാണ് വിവാഹിതരായ പുരുഷനും സ്ത്രീയും തമ്മിലുള്ള ബന്ധം. അത് പരിശുദ്ധമാണ്; നിർമ്മല സ്നേഹത്തിലധിഷ്ഠിതമാണ്; മരണംവരെ നിലനിൽക്കുന്നതുമാണ്. അതിനാൽ അടിവരയിട്ടു പറയുവാനുള്ളത്, കത്തോലിക്കാസഭയിൽ വിവാഹമോചനം അനുവദിക്കുന്നില്ലായെന്നും സഭാകോടതികൾ വിവാഹമോചനക്കേസുകൾ കൈകാര്യം ചെയ്യുന്നില്ലായെന്നുമാണ്. നിയമപരമായി സാധുവായി നടത്തപ്പെട്ട വിവാഹത്തിൽ നിന്നും, ചില പ്രത്യേകസാഹചര്യങ്ങളിൽ, നിയമം അനുവദിക്കുന്ന വിടുതലാണ് വിവാഹമോചനം. ഈ വിടുതൽ കത്തോലിക്കാസഭാനിയമം അനുവദിക്കുന്നില്ല. നടത്തിയ വിവാഹം സാധുവാണോ അല്ലയോ എന്ന് പരിശോധിച്ച് തീർപ്പുകൽപ്പിക്കുക മാത്രമാണ് സാധാരണയായി സഭാകോടതി ചെയ്യുന്നത്. വിവാഹം എന്താണെന്നും അത് നടത്തേ തിന് പാലിച്ചിരിക്കേ നിബന്ധനകൾ എന്താണെന്നും വ്യക്തമാക്കിക്കൊ് കാനൻ നിയമം വിവാഹത്തെ നിർവ്വചിച്ചിട്ടു്. ഈ നിർവ്വചനം അനുസരിച്ചുള്ള വിവാഹമാണ് സാധുവായ വിവാഹം; അല്ലാത്തത് അസാധുവായ വിവാഹമാണ്. നിയമത്തിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾ പാലിച്ചിട്ടില്ലെങ്കിൽ വിവാഹം അസാധുവാണെന്ന് കോടതി പ്രഖ്യാപിക്കും. പള്ളിയിൽവച്ച് വിവാഹച്ചടങ്ങ് നടത്തിയതുകൊുമാത്രം അത് വിവാഹമായി സഭ അംഗീകരിക്കണമെന്നില്ലെന്ന് സാരം.

"എന്റെ വിവാഹം അസാധുവാക്കിത്തരണം" എന്ന് ആവശ്യപ്പെട്ടുകൊ് സഭാകോടതിയെ സമീപിക്കുന്നവരു്. വിവാഹത്തെ അസാധുവാക്കുന്നത് കോടതിയല്ല; വിവാഹിതരാകുന്നവർ തന്നെയാണ്. വോട്ടെടുപ്പ് കഴിഞ്ഞ് വോട്ടെണ്ണൽ നടത്തുമ്പോൾ ഇത്ര വോട്ടുകൾ അസാധുവായി എന്ന് പ്രഖ്യാപിക്കാറുല്ലോ. വോട്ടെണ്ണിയ ആളല്ല, പിന്നെയോ വോട്ട്ചെയ്ത ആളാണ് വോട്ട് അസാധുവാക്കിയത്. വോട്ടെണ്ണിയ ആൾ അത് കത്തുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നു എന്നുമാത്രം. വോട്ടു ചെയ്യുന്നതിന്റെ നിബന്ധനകൾ വോട്ടുചെയ്തയാൾ പാലിക്കാഞ്ഞതുകൊാണ് വോട്ട് അസാധുവായത്. ഇതുപോലെ, വിവാഹിതരായവർ അതിന് സമ്മതം നൽകിയ അവസരത്തിൽ നിയമത്തിലെ നിബന്ധനകൾ പൂർണ്ണമായി പാലിക്കാഞ്ഞതുകൊ് വിവാഹം അസാധുവായി എന്ന് കത്തുകയും അത് പ്രഖ്യാപിക്കുകയും ചെയ്യുക മാത്രമാണ് സഭാകോടതിയുടെ ജോലി. സാധുവായ വിവാഹത്തിലേർപ്പെടാൻ ആഗ്രഹിക്കുന്നവർ അവശ്യം അറിഞ്ഞിരിക്കേ കുറെ കാര്യങ്ങളു്.

വിവാഹം സാധുവാകുന്നതിന് അവശ്യം വേത് വിവാഹത്തിനുള്ള 'സമ്മതം' ആണ്. "അപ്പനും അമ്മയ്ക്കും സമ്മതമാണെങ്കിൽ എനിക്കും സമ്മതമാണ്" എന്ന് പറയുന്നതല്ല യഥാർത്ഥ സമ്മതം. സമ്മതം എന്നത് ബുദ്ധിയും വിവേചനാശക്തിയും അറിവും ഉപയോഗിച്ച്, വിവാഹജീവിതത്തിന്റെ ഉത്തരവാദിത്വങ്ങൾ മനസ്സിലാക്കി, ഉറച്ച ബോദ്ധ്യത്തോടെയുള്ള 'ഏറ്റെടുക്കലാണ്'. ഈ ഏറ്റെടുക്കൽ, അതായത് സമ്മതം, സ്വതന്ത്രമനസ്സോടെയായിരിക്കണം. ബുദ്ധിമാന്ദ്യമുള്ള ആൾക്കോ വിവാഹജീവിതത്തിന്റെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് നടത്താൻ കഴിവില്ലാത്തവിധം മാനസികരോഗിയായിട്ടുള്ള ആൾക്കോ, വിവേചനാശക്തിയില്ലാത്ത ആൾക്കോ, പക്വതയില്ലാത്ത ആൾക്കോ വിവാഹത്തിലേർപ്പെടാൻ അവകാശമില്ല. കാരണം, അയാൾക്ക് സമ്മതം കൊടുക്കാനുള്ള 'കഴിവ്' നിയമപരമായി ഇല്ല. അത്തരത്തിലുള്ള ഒരാൾ വിവാഹത്തിലേർപ്പെട്ടാൽ വിവാഹം അസാധുവായിരിക്കും. വിവാഹത്തിനുശേഷമാണ് മാനസികരോഗമുായത് എന്ന് ന്യായീകരിക്കുന്നവരു്. മാനസികരോഗം പെട്ടെന്ന് അങ്ങനെ മുളച്ചുപൊങ്ങുന്നതല്ല എന്നതാണ് ശാസ്ത്രമതം. നിർജ്ജീവാവസ്ഥയിൽ നേരത്തെതന്നെ ഉായിരുന്ന മാനസികരോഗത്തെ വിവാഹശേഷമുള്ള ചില പ്രശ്നങ്ങൾ ഉണർത്തുകയും തീവ്രാവസ്ഥയിലാക്കുകയും ചെയ്തതാവാം. അത് നിശ്ചയിക്കുന്നതിന് മാനസികരോഗചികിത്സകന്റെ സഹായം ജഡ്ജിക്ക് തേടേിവരും. 'പക്വത' വന്നിട്ടില്ലാത്തവർക്കും മദ്യത്തിനോ മയക്കുമരുന്നിനോ അടിമകളായവർക്കും 'സമ്മതം' കൊടുക്കാനുള്ള 'കഴിവ്' ഇല്ല എന്നാണ് അനുമാനിക്കുക. വിവാഹജീവിതത്തിന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ അവർക്ക് കഴിവില്ല എന്നതാണ് കാരണം. ഒരു വിദഗ്ധന്റെ നിഗമനം ഇക്കാര്യങ്ങളിലും ജഡ്ജിക്ക് ആരായേിവരും. "വിവാഹം കഴിപ്പിച്ചാൽ മകളുടെ/ മകന്റെ മാനസികരോഗം മാറിക്കൊള്ളും" അല്ലെങ്കിൽ, "മദ്യപാനവും ദുശ്ശീലങ്ങളും മാറിക്കൊള്ളും" എന്ന ചിന്ത പുലർത്തുന്ന മാതാപിതാക്കൾ മറ്റൊരു കുടുംബത്തെക്കൂടി പ്രശ്നങ്ങളിലേക്ക് വലിച്ചിഴച്ചേക്കാം.

വിവാഹം അസാധുവായിത്തീരുന്നതിന് നമ്മുടെ നാട്ടിൽ സാധാരണയായിത്തീർന്നിട്ടുള്ള മറ്റൊരു കാരണം 'സ്വതന്ത്രമനസ്സോ'ടെയും 'പൂർണ്ണമായ സമ്മത'ത്തോടെയും പലർക്കും വിവാഹത്തിലേക്ക് പ്രവേശിക്കാൻ കഴിയുന്നില്ല എന്നതാണ്. അതിനു കാരണം, മാതാപിതാക്കളുടെ നിർബ്ബന്ധം, സാഹചര്യങ്ങളുടെ സമ്മർദ്ദം, കബളിപ്പിക്കൽ, ദമ്പതിയെപ്പറ്റിയുള്ള ധാരണയിലുായ പിശക്, ദാമ്പത്യജീവിതത്തിലെ ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ ഉദ്ദേശ്യമില്ലായ്മ തുടങ്ങിയവയാണ്. അത്തരക്കാർക്ക് സമ്മതത്തിന് ആവശ്യമായ അറിവില്ലാതിരിക്കുകയോ സമ്മതം കൊടുക്കാനുള്ള മനസ്സില്ലാതിരിക്കുകയോ ആയിരുന്നു എന്ന് കത്തൊൻ കഴിയും.

പാശ്ചാത്യരാജ്യങ്ങളിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള 'പ്രേമവിവാഹ'ത്തിന് അതിന്റേതായ നല്ല വശങ്ങൾ ഉങ്കെിലും നമ്മുടെ നാട്ടിൽ അത് 'നിഷിദ്ധ'മാണിപ്പോഴും. മാതാപിതാക്കൾ നേരിട്ടോ ദല്ലാൾ വഴിയോ കത്തെുന്ന ഇണയെ വിവാഹം കഴിക്കാൻ മകനോ മകളോ വിധിക്കപ്പെട്ടിരിക്കുകയാണിവിടെ. പാശ്ചാത്യ രാജ്യങ്ങളെ അപേക്ഷിച്ച് നമ്മുടെ നാട്ടിൽ കുടുംബബന്ധങ്ങൾക്ക് പ്രാധാന്യം കല്പിക്കുന്നു എന്നത് മറന്നുകൂടാ. "മക്കൾക്ക് യാതൊരു ബുദ്ധിമുട്ടും ഉാകരുത്, അവരെ നല്ല നിലയിൽ എത്തിക്കണം" എന്ന് ആഗ്രഹിക്കുന്നവരാണ് മാതാപിതാക്കൾ. അത്തരത്തിലുള്ള ചിന്തയോടെ മക്കളുടെ വിവാഹക്കാര്യത്തിൽ ഇടപെടുന്നത് നല്ല കാര്യമാണ്. വിവാഹത്തിനുശേഷം പ്രശ്നങ്ങളുായാൽ അനുരഞ്ജന ശ്രമത്തിനും സംരക്ഷണത്തിനും അവരുാവുകയും ചെയ്യും. തങ്ങളുടെ കുടുംബത്തിന്റെ പാരമ്പര്യത്തിനും സാമ്പത്തികനിലയ്ക്കും ചേരാത്ത വിവാഹബന്ധങ്ങൾ സംഭവിക്കാതിരിക്കാനാണ് പ്രേമവിവാഹങ്ങൾ അനുവദിക്കാതിരിക്കുന്നതും മാതാപിതാക്കൾതന്നെ മക്കൾക്ക് വിവാഹം ഏർപ്പാടു ചെയ്തുകൊടുക്കുന്നതും. മാതാപിതാക്കൾ മക്കൾക്ക് വിവാഹം നിശ്ചയിക്കുമ്പോൾ മക്കളുടെ താല്പര്യങ്ങളും ഇഷ്ടാനിഷ്ടങ്ങളും പരിഗണിക്കുന്നെങ്കിൽ വളരെ നന്ന്. നേരെ മറിച്ച്, ദുരഭിമാനവും ധനമോഹവും കുടുംബപാരമ്പര്യത്തെപ്പറ്റിയുള്ള അഹന്തയുംമാത്രം കൈമുതലായുള്ള മാതാപിതാക്കൾ മക്കളെ തങ്ങളുടെ ചൊൽപ്പടിക്ക് നിർത്താൻ ശ്രമിക്കുമ്പോൾ മക്കളുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് പുല്ലുവിലയാണ് കല്പിക്കുക. മാതാപിതാക്കൾ ഏകപക്ഷീയമായി മക്കളുടെ വിവാഹക്കാര്യത്തിൽ തീരുമാനമെടുക്കുകയും തങ്ങൾ നിർദ്ദേശിക്കുന്ന ആളെ വിവാഹം കഴിക്കാൻ മകനെയോ മകളെയോ നിർബ്ബന്ധിക്കുകയും ചെയ്യുന്നതാണ് പ്രശ്നങ്ങൾക്ക് വഴിവയ്ക്കുന്നത്. മാതാപിതാക്കളെ എതിർത്താൽ തിക്താനുഭവങ്ങളുാകാമെന്നതിനാൽ, മനസ്സില്ലാമനസ്സോടെ മക്കൾ വിവാഹത്തിന് സമ്മതിക്കുന്നു. അതുകൊതന്നെ വിവാഹജീവിതത്തിൽ പ്രശ്നങ്ങൾ മുളപൊട്ടാൻ അധികം സമയമെടുക്കില്ല. താമസിയാതെ വേർപിരിയലിൽ എത്തുകയും ചെയ്യും. പിന്നെ, പ്രശ്നങ്ങളുടെ പേരിൽ നീറിപ്പുകയുകയാണ് മാതാപിതാക്കൾ. ഇത്തരം പ്രശ്നങ്ങൾ നമ്മുടെ നാട്ടിൽ വളരെയേറെ സംഭവിക്കുന്നുങ്കെിലും ആരും പാഠം പഠിക്കുന്നില്ല എന്നതാണ് ദുഃഖകരമായ കാര്യം. മാതാപിതാക്കളോടുള്ള അതിരറ്റ സ്നേഹവും ആദരവും കാരണം, അവർ നിശ്ചയിക്കുന്ന വിവാഹത്തന് 'നിന്നുകൊടുക്കുന്ന' മക്കളു് – എതിർപ്പുപ്രകടിപ്പിക്കാൻപോലും ധൈര്യപ്പെടാതെ. ഇത്തരം വിവാഹങ്ങളും പരാജയപ്പെടുകയാണ് പതിവ്. ഇങ്ങനെയൊക്കെയാണെങ്കിലും,

മക്കളുടെ ഇഷ്ടാനിഷ്ടങ്ങൾ അന്വേഷിച്ചറിഞ്ഞുകൊും പരിഗണിച്ചുകൊും പല മാതാപിതാക്കളും തങ്ങളുടെ മക്കൾക്ക് അനുയോജ്യരായ ദമ്പതികളെ കത്തെുന്നു് എന്ന ആശാവഹമായ കാര്യവും എടുത്തുപറയട്ടെ. നിയമമനുസരിച്ച്, വിവാഹത്തിന് സമ്മതം കൊടുക്കേത് വിവാഹത്തിലേക്ക് പ്രവേശിക്കുന്നവരാണെന്നും അവരുടെ മാതാപിതാക്കളല്ലെന്നും ഓർത്തിരിക്കുക.

വിവാഹത്തെ കമ്പോളവൽക്കരിക്കുന്ന ഒരു പ്രവണത ശക്തിപ്പെട്ടുവരുന്നതിന്റെ സൂചനകൾ ഇന്നു്. പണമിടപാടിന്റെ ഒരു ഭാഗമായി വിവാഹത്തെ കാണുന്നവർ ധാരാളം. സ്ത്രീധനത്തിന്റെ വലിപ്പമനുസരിച്ചാണ് കുടുംബത്തിന്റെ 'മഹിമ' നിശ്ചയിക്കപ്പെടുന്നത്. ആർത്തി സംസ്ക്കാരം വളരുന്നതിന്റെ പാർശ്വഫലമാണിത്. സ്ത്രീധ നത്തെച്ചൊല്ലി കുടുംബവഴക്കുകൾ സർവ്വസാധാരണമാണ്. അതിന്റെ ഫലമായി 'ഗാർഹിക അത്യാഹിതങ്ങളും' സംഭവിച്ചുകൊിരിക്കുന്നു. സ്ത്രീധനസമ്പ്രദായത്തെ സംബന്ധിച്ച് നിലവിലുള്ള സിവിൾ നിയമങ്ങളെയും കോടതിവിധികളെയും അവഗണിച്ചുകൊുതന്നെയാണ് കാര്യങ്ങൾ നീങ്ങുന്നത്. വിവാഹം ഉറപ്പിക്കലിന്റെ പ്രധാനഭാഗം സ്ത്രീധനം നിശ്ചയിക്കലും അതിന്റെ ക്രയവിക്രയ മാർഗ്ഗങ്ങൾ കത്തലും ആയിത്തീർന്നിരിക്കുകയാണ്. മറ്റേതു കാര്യത്തിലും വിട്ടുവീഴ്ചയ്ക്ക് തയ്യാറാണുതാനും. അതായത്, ദമ്പതിയുടെ ശാരീരിക വൈകല്യങ്ങളോ മാനസികരോഗങ്ങളോ പെരുമാറ്റ ദൂഷ്യങ്ങളോ ഒന്നും തുടക്കത്തിൽ പ്രശ്നമായി എടുക്കുന്നില്ല. വിവാഹത്തിനുശേഷം പക്ഷേ, പൊരുത്തപ്പെടാനാകാതെവരുമ്പോൾ പ്രശ്നങ്ങൾ സങ്കീർണ്ണമാവുകയാണ്. വിവാഹശേഷം ദമ്പതി ഇത്തരം വൈകല്യങ്ങളെ ഗൗരവപൂർവ്വം തിരിച്ചറിയുമ്പോഴാണ് ആ വ്യക്തിയുമായി ഇനി തുടർന്ന് ജീവിക്കാനാവില്ല എന്ന് മനസ്സിലാക്കുന്നതും കോടതിയെ സമീപിക്കുന്നതും. അത്തരം വൈകല്യങ്ങളോ സ്വഭാവപ്രത്യേകതകളോ ഒരു കക്ഷി മറച്ചുവച്ചാലും ഇല്ലെങ്കിലും മറ്റേ കക്ഷിക്ക് അവയെപ്പറ്റി വേത്ര അറിവില്ലായിരുന്നുവെങ്കിൽ, ഈ അറിവില്ലായ്മ വിവാഹം പരാജയപ്പെടുന്നതിന് കാരണമായിട്ടുങ്കെിൽ, വിവാഹസമ്മതം കൊടുത്തതിൽ ന്യൂനതയുന്ണെ് വ്യക്തം. തൽഫലമായി, വിവാഹം അസാധുവായി പരിഗണിക്കപ്പെടും.

ഗൗരവമേറിയ ശാരീരിക വൈകല്യങ്ങൾ, ആരോഗ്യപ്രശ്നങ്ങൾ, മാനസിക പ്രശ്നങ്ങൾ, ദുശ്ശീലങ്ങൾ, പ്രായവ്യത്യാസം, വിദ്യാഭ്യാസ നിലവാരം, സാമ്പത്തികസ്ഥിതി, ജോലിയുടെ നിലവാരം, കുടുംബപ്രശ്നങ്ങൾ തുടങ്ങിയ കാര്യങ്ങൾ മനഃപൂർവ്വം മറച്ചുവച്ച് വിവാഹത്തിലേർപ്പെടുന്നവർ പ്രശ്നങ്ങളിലേക്കാണ് എടുത്തുചാടുന്നത്. ഇക്കാര്യങ്ങൾ അറിഞ്ഞിരുന്നെങ്കിൽ മറ്റേ ആൾ ഈ വിവാഹത്തിന് സമ്മതിക്കുമായിരുന്നില്ല എന്ന് ബോദ്ധ്യപ്പെട്ടാൽ, വിവാഹം നിലനിൽക്കുന്നതല്ല എന്നും അസാധുവാണ് എന്നും കോടതി വിധിക്കും. "താലി കെട്ടിക്കഴിഞ്ഞാൽ രക്ഷപ്പെട്ടു" എന്നാണ് ചില 'അതിബുദ്ധിമാൻമാരുടെ' ധാരണ. കള്ളം പുറത്താകുമ്പോൾ വിവാഹം തകരുന്നു എന്നതാണ് വസ്തുത. ചുറ്റുപാടുമുള്ള ഇത്തരം അനുഭവങ്ങൾക്ക് സാക്ഷികളാകുന്നവരും ഇതേ മത്തരങ്ങൾ കാട്ടിക്കൂട്ടുന്നു എന്നത് അക്ഷന്തവ്യമായ കുറ്റമാണ്. മക്കൾക്ക്, പ്രത്യേകിച്ച് പെൺമക്കൾക്ക്, പ്രായപൂർത്തിയായാൽ മാതാപിതാക്കൾക്ക് ടെൻഷൻ തുടങ്ങുകയാണ്. മക്കൾക്ക് പ്രായമേറിവരുന്തോറും അവർക്ക് ആകുലത ഏറുന്നു. മകളെ ആരുടെയെങ്കിലും കൈയിൽ പിടിച്ചേൽപ്പിച്ചിട്ട് മരിച്ചാൽ മതിയെന്നാകും ചിന്ത. പിന്നെ, എങ്ങനെയെങ്കിലും ഒരു വിവാഹം 'തട്ടിക്കൂട്ടണം'; അത്രതന്നെ. മകളെ അതിന് നിർബ്ബന്ധിക്കാൻ തുടങ്ങും. തങ്ങളുടെ 'കടമകഴിക്കാൻ' വേിയും ചില മാതാപിതാക്കൾ വിവാഹത്തിന് മക്കളെ നിർബ്ബന്ധിക്കാറു്. കൊച്ചുമക്കളുടെ കല്യാണം നടന്ന് 'കുഞ്ഞിക്കാലു' കാണാൻ കൊതിക്കുന്ന അപ്പൂപ്പന്മാരുടെയും അമ്മൂമ്മമാരുടെയും ആശ തീർക്കാൻ ധൃതിപിടിച്ച് വിവാഹം നടത്തുന്നവരും ധാരാളം. വിദേശത്ത് ജോലിയുള്ളവരാണെങ്കിൽ, അവധിക്കുള്ളിൽ പെണ്ണിനെ 'കെട്ടിയിട്ട്' വേഗം തിരിച്ചുപോകാനാഗ്രഹിക്കുന്നു. അവരും വിവാഹപ്രശ്നങ്ങൾ സൃഷ്ടിക്കുന്നവരാണ്. ജോലിയാണോ വിവാഹമാണോ ജീവിതത്തിൽ പ്രധാനം എന്ന ചോദ്യത്തിന്, "ജോലിപോയാൽ പോയി; പെണ്ണിനെ വേണമെങ്കിൽ വേറെ കെട്ടാം" എന്നാണ് പലരുടേയും ഉത്തരം. ചെറുക്കന് അല്ലെങ്കിൽ പെണ്ണിന് വിദേശത്ത് ജോലിയാണെന്നു കേട്ടാൽ പിന്നെ വേറെ അന്വേഷണങ്ങളൊന്നുമില്ല; വിവാഹം ഉറപ്പിക്കലായി. കബളിപ്പിക്കൽ വളരെയേറെ ഇത്തരം അവസരങ്ങളിൽ നടക്കുന്നു്. ധൃതിപിടിച്ച് വിവാഹം നടത്താൻ പെണ്ണിന്റെ വീട്ടുകാരോ, ചെറുക്കന്റെ വീട്ടുകാരോ നിർബ്ബന്ധിക്കുമ്പോൾ കള്ളത്തരത്തിന്റെ അപകടം പതിയിരിപ്പു് എന്ന് ഊഹിക്കണം. വിവാഹത്തിനുമുമ്പുള്ള 'വിളിച്ചുചൊല്ലൽ' കഴിവതും കുറച്ചോ ഇല്ലാതാക്കിയോ വിവാഹം നടത്താനുള്ള പ്രവണതയും ഇന്ന് കുവരുന്നു്. ഇത് അപകടകരമാണ്. വേത്ര അന്വേഷണങ്ങൾ നടത്താൻ ശ്രമിക്കാതെ വിവാഹദല്ലാളിനെ പൂർണ്ണമായും വിശ്വസിച്ച് വിവാഹം ഉറപ്പിച്ചാൽ 'പണികിട്ടും' എന്നത് ഉറപ്പാണ്. വിവാഹിതരാകാൻ പോകുന്നവർക്ക് പരസ്പരം കൂടുതൽ കുമുട്ടാനും അറിയാനും അവസരം കൊടുക്കേതു്. വിവാഹത്തിനു മുമ്പ് പുരുഷൻ സ്ത്രീയെ അവളുടെ വീട്ടിൽ പോയി കാണുന്നതുപോലെ സ്ത്രീക്ക് തന്റെ സ്വന്തം വീടാകാൻ പോകുന്ന ഭാവിഭർത്തൃവീട്ടിൽ പോയി കാണാനും കാര്യങ്ങൾ അറിയാനും അവസരമു

കേതാണ്. ഇപ്പോഴുായിക്കൊിരിക്കുന്ന പല പ്രശ്നങ്ങൾക്കും ഇത് ഒരു പരിധിവരെ പ്രതിവിധിയാകും. എന്നാൽ, ഇന്നത്തെ സാമൂഹ്യവ്യവസ്ഥിതിയിൽ ഇതും 'നിഷിദ്ധ'മാണ്. തുറന്ന മനസ്സോടെയുള്ള ഒരു സമീപനം ഇക്കാര്യത്തിൽ വളർന്നുവരുമെന്ന് പ്രത്യാശിക്കാം.

ഭാവിവരനെപ്പറ്റിയും ഭാവിവധുവിനെപ്പറ്റിയും അതിരുകവിഞ്ഞ സങ്കൽപ്പങ്ങൾ പുലർത്തുന്നവരു്. അത്തരക്കാർക്ക് ദമ്പതിയുടെ ഒരു നിസ്സാര വീഴ്ചയോ പോരായ്മയോ പോലും ഉൾക്കൊള്ളാൻ കഴിയില്ല. നിസ്സാര പ്രശ്നങ്ങളെപ്പോലും പർവ്വതീകരിച്ച് അവതരിപ്പിക്കുന്നവരു്. തന്റെ ദമ്പതി 'പരിപൂർണ്ണത' പ്രാപിച്ച ആളായിരിക്കണമെന്ന അർത്ഥമില്ലാത്ത ശാഠ്യം പ്രശ്നങ്ങളെ സങ്കീർണ്ണമാക്കും. അണുകുടുംബത്തിൽ വളരുന്ന മക്കൾ അമിത ലാളനയും പരിഗണനയും ലഭിക്കുന്നവരായതിനാൽ, പക്വതയില്ലാതെ വളരാൻ ഇടവരുന്നു്. ബുദ്ധിമുട്ടുകൾ അറിയാതെ വളർന്ന അപക്വമതികളായ അവർ വിവാഹശേഷം ദമ്പതിയുമായി പൊരുത്തപ്പെട്ടു ജീവിക്കാൻ കഴിയാത്തവരായി മാറുന്നു. ഗൗരവമായ പക്വതക്കുറവോടുകൂടിയുള്ള വിവാഹസമ്മതം അസാധുവായിരിക്കും എന്ന് മനസ്സിലാക്കേതു്. ദമ്പതിയുടെ ശാരീരിക, ബൗദ്ധിക, മാനസിക, പെരുമാറ്റ പ്രത്യേകതകൾ ഒരാൾക്ക് ഉൾക്കൊള്ളാൻ പറ്റാത്തവിധം ഗൗരവമുള്ളവയാണെങ്കിൽ വിവാഹസമയത്ത് നൽകിയ സമ്മതം അസാധുവായിരിക്കും. ദമ്പതിയെപ്പറ്റിയുള്ള തെറ്റായ ധാരണകളും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുെന്നത് വാസ്തവമാണ്. ഭാര്യ തന്റെ ലൈംഗികസുഖത്തിനുള്ള ഉപകരണം മാത്രമാണ് എന്ന് പുരുഷൻ ചിന്തിക്കുകയും അതനുസരിച്ച് പെരുമാറുകയും ചെയ്യുന്നെങ്കിൽ അവന്റെ വിവാഹസമ്മതം ശരിയല്ല. ഭാര്യയെ 'അടിമ'യായി കാണുന്ന പുരുഷൻ അവൾ പൂർണ്ണമായും തന്റെ 'നിയന്ത്രണത്തിലായിരിക്കാൻ ആഗ്രഹിക്കുന്നു. 'അടിമ'യ്ക്ക് 'ഉടമ'യെ സ്നേഹിക്കാനാവില്ല; 'ഉടമ' ഭാവിക്കുന്ന പുരുഷന് ഭാര്യയെ സ്നേഹിക്കാനാവില്ല. അത്തരം പുരുഷന്മാരുടെ വിവാഹസമ്മതം വികലമാണ്. ഇത്തരം ധാരണകളോടുകൂടിയ പുരുഷന്റെ പെരുമാറ്റങ്ങൾ ഭാര്യക്ക് ഒട്ടും ഉൾക്കൊള്ളാൻ കഴിയുന്നില്ലെങ്കിൽ ഭാര്യയുടെ വിവാഹസമ്മതവും അസാധുവാണെന്ന് വിധിക്കപ്പെടും. കാരണം, അത്തരം തെറ്റായ ധാരണകളോടെ പെരുമാറുന്ന പുരുഷനെ ഭർത്താവായി സ്വീകരിക്കാൻ അവൾക്ക് സമ്മതമില്ലായിരുന്നു എന്ന നിഗമനത്തിൽ കോടതിക്ക് എത്തിച്ചേരാൻ കഴിയുന്നതാണ്. 'ഉടമ' ചമയുന്നവരിലധികവും സംശയപ്രകൃതിക്കാരാണ്. തന്റെ അടിമ വേറൊരാളെ കാണുന്നതോ സംസാരിക്കുന്നതോ അത്തരം ആളുകൾക്ക് സഹിക്കാൻ കഴിയുന്ന കാര്യമല്ല. സംശയപ്രകൃതിയും ഗൗരവമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു്.

"പാവപ്പെട്ട കുടുംബത്തിലെ ഒരു പെൺകുട്ടിയെ വിവാഹം കഴിച്ച് ആ പെൺകുട്ടിയെ 'രക്ഷപ്പെടുത്താൻ' ആഗ്രഹിക്കുന്നു" എന്ന് സാമാന്യം സാമ്പത്തിക ശേഷിയുള്ള ഒരു നല്ല ചെറുപ്പക്കാരൻ പറയുകയുായി. അതിന് ഞാൻ കൊടുത്ത ഉത്തരം "വിവാഹം ഒരു കാരുണ്യപ്രവൃത്തിയല്ല" എന്നാണ്. അനുകമ്പ തോന്നി അങ്ങനെ ഒരു പെൺകുട്ടിയെ വിവാഹം കഴിക്കുമ്പോൾ അവളെ 'തന്നെമാത്രം ആശ്രയിച്ചു' കഴിയുന്ന ഒരു 'അടിമ'യായി സൂക്ഷിക്കാനായിരിക്കും ഇഷ്ടപ്പെടുക. അത് പ്രശ്നങ്ങൾക്ക് വഴിയൊരുക്കും. തുല്യതാമനോഭാവത്തോടെ പരസ്പരം നിർമ്മലമായി സ്നേഹിച്ചും, ആദരിച്ചും, പ്രോൽസാഹിപ്പിച്ചും, ക്ഷമിച്ചും ഒന്നിച്ചു നീങ്ങുമ്പോഴാണ് വിവാഹജീവിതം വിജയിക്കുക.

മേൽപ്പറഞ്ഞ പ്രശ്നങ്ങളെല്ലാംതന്നെ മുളയെടുത്തിട്ടുള്ളത് വിവാഹത്തിന് മുമ്പാണ്. അതുകൊ്, വിവാഹസമ്മതം നൽകിയ അവസരത്തിൽ അവയുായിരുന്നെന്നും അവ വിവാഹ സമ്മതത്തെ പ്രതികൂലമായി സ്വാധീനിച്ചിരുന്നു എന്നും മനസ്സിലാകുമ്പോഴാണ് വിവാഹം അസാധുവാണെന്ന് കോടതി വിധിക്കുന്നത്. വിവാഹത്തിനുശേഷം പൊട്ടിമുളച്ച പ്രശ്നങ്ങൾ സഭാകോടതി കൈകാര്യം ചെയ്യില്ല. കാരണം, അവ വിവാഹമോചനക്കേസിൽ പരിഗണിക്കുന്ന കാര്യങ്ങളാണ്. മുമ്പ് വ്യക്തമാക്കിയതുപോലെ സഭാകോടതി വിവാഹമോചനക്കേസുകൾ കൈകാര്യം ചെയ്യുന്നില്ല. പക്ഷേ, അത്തരം പ്രശ്നങ്ങളുടെ വേരുകൾ 'മനഃസമ്മത'ത്തിലേക്ക് നീിറങ്ങിയിട്ടുോ എന്ന് കോടതി പരിശോധിക്കും. ഉെങ്കിൽ, വിവാഹം അസാധുവാണെന്ന് കത്തെിയേക്കാം.

മാതാപിതാക്കളുടെ നിർബ്ബന്ധത്തിനും ഭീഷണിക്കും വഴങ്ങിയോ, എതിർകക്ഷിയുടെ കബളിപ്പിക്കലിന് ഇരയായോ, മറ്റേതെങ്കിലും തെറ്റായ കാരണത്താലോ വിവാഹം കഴിച്ച് കെണിയിൽപ്പെട്ടവരെ അതിൽ നിന്ന് മോചിപ്പിച്ച്, സ്വതന്ത്രമായ മനസ്സോടെ വിവാഹമെന്ന കൂദാശ സ്വീകരിക്കാൻ അവരെ അനുവദിക്കുന്ന സഭയുടെ നീതി പൂർവ്വകവും പരിപാവനവുമായ അജപാലന ധർമ്മമാണ് സഭാകോടതി നിർവ്വഹിക്കുന്നത്. മേൽപറഞ്ഞ തെറ്റായ പ്രവണതകളെ സഭ നിഷേധിക്കുന്നുവെന്ന് ഉറപ്പിച്ച് പറയാനുംകൂടിയാണ് വിവാഹത്തെ അസാധുവായി പ്രഖ്യാപിക്കുന്ന നടപടികൾ സഭാകോടതി സ്വീകരിച്ചിരിക്കുന്നത്. വിവാഹം പിള്ളേരുകളിയല്ലെന്നും ഗൗരവമായ കാര്യമാണെന്നും ആരുടെയെങ്കിലും തോന്ന്യാസംപോലെ അത് നടത്തിയാൽ അതിനെ വിവാഹമായി സഭ അംഗീകരിക്കയില്ലെന്നും പ്രഖ്യാപിക്കുകയാണ് സഭാകോടതി ചെയ്യുന്നത്. അല്ലാതെ, അത് വിവാഹമോചനത്തെ പ്രോത്സാഹിപ്പിക്കലല്ല. ക്രിസ്തീയ വിവാഹം കൂദാശയായതിനാൽ, അത് വിശുദ്ധ

മാണ്; ദൈവത്തോടുള്ള ഉടമ്പടിയാണ്; ദമ്പതികളുടെ കൂട്ടുത്തരവാദിത്വത്തിന്റേതാണ്. ദൈവിക ചിന്തയോടും സ്നേഹചൈതന്യത്തോടും ശുദ്ധമായ മനസ്സാക്ഷിയോടുംകൂടി വേണം അതിലേക്ക് പ്രവേശിക്കാൻ. അങ്ങനെ ചെയ്യുമ്പോഴാണ് 'വിവാഹം സ്വർഗ്ഗത്തിൽ' എന്നപോലെ അനുഭവിക്കാൻ കഴിയുന്നതും അത് ഭൂമിയിൽ തകരാതിരിക്കുന്നതും.